(ബി) ഇതിനായി എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നും, എന്ത് തുക അനുവദിച്ചിരുന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പടയമംഗലം മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

(ബി) അനുവദിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

പുതുതായി ആരംഭിച്ചിട്ടുള്ള ജനറൽ, താലൂക്ക് ആശുപത്രികൾ

51(749) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ജനറൽ ആശുപത്രികൾ തുടങ്ങുന്നതിന് സാധിച്ചിട്ടുണ്ടെന്നും, അത് എവിടെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുതുതായി എത്ര ജനറൽ, താലൂക്ക് ആശുപത്രികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി ജനറൽ ആശുപത്രികൾ ആരംഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. താലൂക്ക്/ജില്ലാ ആശുപത്രികളുടെ പദവി ഉയർത്തിയാണ് ജനറൽ ആശുപത്രിയാക്കുന്നത്. ജനറൽ ആശുപത്രിയായി പദവി ഉയർത്തിയ സ്ഥാപനങ്ങൾ ഇവയാണ്.

1. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര.
2. ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി.
3. ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി.
4. ജനറൽ ആശുപത്രി, കോട്ടയം.
5. ജനറൽ ആശുപത്രി, ഇരിങ്ങാലക്കുട.
6. ജനറൽ ആശുപത്രി, തൃശ്ശൂർ.

(ബി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം താലൂക്കാശുപത്രികൾ പുതിയതായി ആരംഭിക്കാൻ കഴിയുന്നതല്ല. സബ് സെന്ററുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും മാത്രമേ പുതുതായി ആരംഭിക്കാൻ കഴിയുകയുള്ളൂ. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങളുടെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെയും ലഭ്യത പരിഗണിച്ചാണ് ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നത്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പദവി ഉയർത്തിയാണ് താലൂക്കാശുപത്രിയാക്കുന്നത്. നൂറിലധികം കിടക്കകളും അതിനാവശ്യമായ അടിസ്ഥാന സൗകര്യവുമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളാണ് പദവി ഉയർത്തി താലൂക്കാശുപത്രിയാക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ച് സ്ഥാപനങ്ങളെ ജനറൽ ആശുപത്രികളായും 39 സ്ഥാപനങ്ങളെ താലൂക്ക് ആശുപത്രികളായും പദവി ഉയർത്തിയിട്ടുണ്ട്. ജനറൽ ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. അടൂർ ജനറൽ ആശുപത്രി 2. ആലപ്പുഴ ജനറൽ ആശുപത്രി 3. മൂവാറ്റുപുഴ ജനറൽ ആശുപത്രി 4. മഞ്ചേരി ജനറൽ ആശുപത്രി 5. കാസർഗോഡ് ജനറൽ ആശുപത്രി. താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ശേഖരിച്ച നൽകുന്നതാണ്.

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പവർ പദ്ധതി

52(750) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പൂവർ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഇതിന്റെ ഗുണഫലം ലഭ്യമായെന്നും എത്ര തുക ഇതിനായി വിനിയോഗിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി മുഖേനയുള്ള സേവനം ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കുടുംബ വാർഷിക വരുമാനം മൂന്നു ലക്ഷം രൂപ വരെയുള്ള രോഗികൾക്ക് ചികിത്സാ ധനസഹായത്തിന് അർഹതയുണ്ട്. സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കുമാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. സർക്കാരിൽനിന്നും ലഭിച്ച ആനുകൂല്യങ്ങൾക്കുപുറമേ ചികിത്സയ്ക്ക് രോഗിയുടെ കയ്യിൽനിന്നും ചെലവാകുന്ന അധിക

LIBRARY ARCHIVES Kerala Legislative Assembly